**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഇ-ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നാളിതുവരെ എത്ര ഇ-ബസ്സുകൾ വാങ്ങിയെന്ന് അറിയിക്കാമോ; | (എ) | സർക്കാർ നാളിതുവരെ 132 ഇ-ബസ്സുകൾ കിഫ്ബി(KIIFB), സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്(Smart City Thiruvananthapuram Limited) എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡിനു വേണ്ടി വാങ്ങിയിട്ടുണ്ട്. |
| (ബി) | ടെൻഡർ നടപടികൾ സ്വീകരിച്ചാണോ ഇ-ബസ്സുകൾ വാങ്ങിയതെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന ഇ-ദർഘാസ് ക്ഷണിച്ചാണ് ഇ-ബസ്സുകൾ വാങ്ങിയിട്ടുള്ളത്. |
| (സി) | ഒരു ഇ-ബസിന് ,ഒരു ഡീസൽ ബസിനേക്കാൾ എത്ര രൂപയാണ് കൂടുതലാവുന്നതെന്ന് വിശദമാക്കാമോ; | (സി) | ഒരു ഇ-ബസ്സിന്, ഒരു ഡീസൽ ബസ്സിനേക്കാൾ ഏകദേശം 50 ലക്ഷം രൂപ അധികമായി ചെലവു വരുന്നുണ്ട്. ഇ-ബസ്സിന്റെ ബാറ്ററി പാക്ക്(Battery pack)-ന് വരുന്ന ചെലവാണ് പ്രസ്തുത വില വ്യത്യാസത്തിനു കാരണം. |
| (ഡി) | കെ.എസ്.ആർ.ടി.സി. എത്ര ഇ-ബസ്സുകൾക്കാണ് നിലവിൽ ഓർഡർ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ഡി) | കെ.എസ്.ആർ.ടി.സി. നിലവിൽ 165 ഇ-ബസ്സുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിൽ 132 ഇ-ബസ്സുകൾ കിഫ്ബി(KIIFB), സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്(Smart City Thiruvananthapuram Limited) ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| **ഫണ്ട് അനുവദിച്ച ഏജൻസി** | **ഓർഡർ നൽകിയിട്ടുള്ള ഇ-ബസ്സുകളുടെ എണ്ണം** | **ഓർഡർ നൽകിയതു പ്രകാരം വാങ്ങിയ ഇ-ബസ്സുകളുടെ എണ്ണം** |
|---|---|---|
| കിഫ്ബി(KIIFB) | 50 | 50 |
| സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്(Smart City Thiruvananthapuram Limited) | 113 | 80 |
| | ഡബിൾ ഡക്കർ - 2 | ഡബിൾ ഡക്കർ - 2 |
| **ആകെ** | **165** | **132** |